## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.512 — 05-06-2018-ലെ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ — ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

### <u>നികുതി വിഹിതം</u>

| | | |
|---|---|---|
| (എ) | നികുതി വിഹിതം നൽകുന്നത് വൈകിപ്പിച്ച് സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുന്നതിനുള്ള കേന്ദ്രനീക്കത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | മാസത്തിന്റെ ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ ഏകപക്ഷീയമായി പുന:ക്രമീകരിച്ചു. ഇത് പിൻവലിക്കണമെന്ന് ടി തീരുമാനത്തിലൂടെ ഉടലെടുക്കുന്ന ലിക്വിഡിറ്റി പ്രതിസന്ധി ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ ഒരു മറുപടി ഇതുവരേയും ലഭിച്ചിട്ടില്ല. |
| (ബി) | കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം 1971-ലെ സെൻസസിന് പകരം 2011-ലെ സെൻസസ് അനുസരിച്ചാക്കുവാനുള്ള നീക്കം സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | നികുതി വിഭജനം നടത്തുന്നതിന് 1971-ലെ സെൻസസിന് പകരം 2011 ലെ സെൻസസ് മാനദണ്ഡമായി സ്വീകരിക്കുമ്പോൾ, ദേശീയ ജനസംഖ്യാനയത്തിന് അനുസൃതമായി ജനസംഖ്യാ നിയന്ത്രണം വിജയകരമായി നടപ്പാക്കിയ സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വന്നേക്കും. |
| (സി) | എങ്കിൽ ഇതിനെതിരെ ദക്ഷിണേന്ത്യയിലെ ധനകാര്യ മന്ത്രിമാരുടെ നേതൃത്വത്തിൽ രാഷ്ട്രപതിക്ക് നിവേദനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഉണ്ട്. സംസ്ഥാനങ്ങളുടെ നികുതിവിഹിതവും ഗ്രാന്റും നിശ്ചയിക്കുന്നതിൽ ജനസംഖ്യ ഒരു ഘടകമായി വരുന്ന എല്ലാ വിഷയങ്ങളിലും 1971-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ ഉപയോഗിക്കണമെന്ന് ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 8-ലെ നിർദ്ദേശം ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളിലെ ധനകാര്യ/മുഖ്യമന്ത്രിമാർ ബഹു.രാഷ്ട്രപതിക്ക് നിവേദനം നൽകിയിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ